**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഓണംവാരാഘോഷ പരിപാടികൾക്കായി തനത് ഫണ്ടിൽ നിന്നും തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1815/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി: 22/08/2019**

---

പരാമർശം:- 1.കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.7.2019ലെ സാധാരണ യോഗത്തിലെ 5(2)-ാം നമ്പർ തീരുമാനം.

2.കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/07/2019- ലെ എ7/1698/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സർക്കാരിന്റെ ഓണംവാരാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്ന പ്രധാന കേന്ദ്രങ്ങളിൽ ഒന്നായ നെയ്യാർഡാമിൽ അതിവിപുലമായ ഒരു സാംസ്കാരിക ഘോഷയാത്ര എല്ലാവർഷവും സംഘടിപ്പിക്കാറുണ്ടെന്നും, വിവിധ കലാരൂപങ്ങളാൽ മനോഹരമായ ഈ ഘോഷയാത്ര ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയും സഹായത്തോടെയാണ് സംഘടിപ്പിക്കുന്നതെന്നും, ഏതാണ്ട് പതിനഞ്ച് ലക്ഷത്തോളം രൂപ ചെലവ് വരുന്ന ഈ ഘോഷയാത്രയ്ക്ക് ഓരോ വർഷം കഴിയുംതോറും സാമ്പത്തിക ചെലവു വർദ്ധിക്കുകയാണെന്നും, കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ ഗ്രാമ പഞ്ചായത്തുകളുടെ സഹായംകൊണ്ടാണ് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഘോഷയാത്ര സംഘടിപ്പിച്ചു വരുന്നതെന്നും പരാമർശ കത്തിലൂടെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ഈ വർഷവും കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 15,000/- രൂപയിൽ അധികരിക്കാത്ത തുക നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നെയ്യാർഡാമിൽ നടത്തുന്ന 2019 വർഷത്തെ ഓണം വാരാഘോഷത്തിന്റെ സാംസ്കാരിക ഘോഷയാത്രയുടെ സംഘാടനത്തിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി പരമാവധി 15,000/- (പതിനയ്യായിരം) രൂപ വരെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രസിഡൻറ്/സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.